**<u>15 -ാം കേരള നിയമസഭ</u>**

**<u>10 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3191</u>** **<u>14-02-2024 - ൽ മറുപടിയ്ക്ക്</u>**

**<u>ഉൾനാടൻ മത്സ്യകൃഷി ഉൽപാദനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി ഉൽപാദനം വർധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (എ) | കുറ്റ്യാടി മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു.ഇതിന്റെ ഭാഗമായി 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ജനകീയ മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി ശാസ്ത്രീയ സമ്മിശ്ര മത്സ്യകൃഷി, പൊതുകുളങ്ങളിലെ മത്സ്യകൃഷി, പട്ടതാക്കുളങ്ങളിലെ മത്സ്യകൃഷി, ശുദ്ധജല കൂട് കൃഷി, ഓരുജല കൂട് കൃഷി, കുളത്തിലെ കരിമീൻകൃഷി, കാർപ്പ് കൃഷി, ബയോഫ്ളോക്ക് മത്സ്യകൃഷി എന്നീ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>ടി പദ്ധതികൾക്കായി 2022-23 സാമ്പത്തിക വർഷം 11.3215 ലക്ഷം രൂപയും 2023-24 സാമ്പത്തിക വർഷം 7.8785 ലക്ഷം രൂപയും സബ്സിഡിയായി കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ